# <u>സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>
## <u>(ഹാജർ: അനുപമ T.V IAS)</u>

തിരുവനന്തപുരം

**ഉത്തരവ് നമ്പർ C2/12513/17** തീയതി: 27.02.2017

============================== ======================

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ക്ഷേമസ്ഥാപനങ്ങൾക്കായുള്ള മാനേജ്മെന്റ് മാന്വൽ - ഏകദിന ശില്പശാല - ജീവനക്കാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 2016-17 സാമ്പത്തികവർഷത്തെ വകുപ്പുതല പരിശീലന പരിപാടികൾ

സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിനും ഭരണനിർവ്വഹണത്തിനും ഉതകുന്ന വിധത്തിൽ വ്യക്തമായ വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന മാനേജ്മെന്റ് മാന്വൽ വകുപ്പിൽ നിലവിലുണ്ട്. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ - പുനരധിവാസ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള പ്രസ്തുത മാനേജ്മെന്റ് മാന്വൽ സംബന്ധിച്ച് ക്ഷേമസ്ഥാപനമേധാവികൾക്ക് കൂടുതൽ അവബോധം നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2017 മാർച്ച് 9-ാം തീയതി പൂജപ്പുരയിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്) കോൺഫറൻസ് ഹാളിൽ വച്ച് ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ മുഴുവൻ ക്ഷേമസ്ഥാപന സൂപ്രണ്ടുമാരെയും 2017 മാർച്ച് 9 വ്യാഴാഴ്ച സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്) കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലയിലേയ്ക്ക് നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശില്പശാലയിലേയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ 2017 മാർച്ച് 9 വ്യാഴാഴ്ച രാവിലെ 9.30-ന് കോൺഫറൻസ് ഹാളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. സാമൂഹ്യനീതി ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ ശില്പശാലയിൽ നിന്നും വിട്ടുനിൽക്കാൻ പാടുള്ളതല്ല. ഈ വിഷയത്തിൽ വീഴ്ച വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സമയക്ലിപ്തത നിർബന്ധമായും പാലിക്കേണ്ടതുമാണ്.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**<u>പകർപ്പ്:</u>**

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. ഡയറക്ടറുടെ സി.എ
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

SK 17